(സി) സംഭരണ, വിതരണ, വിൽപ്പന രംഗങ്ങളിൽനിന്നും ധാന്യം, പഴം, പച്ചക്കറി എന്നിവയുടെ നിയമാനുസൃത സാമ്പിൾ ശേഖരിക്കുവാൻ പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ മാരകമായ രാസവസ്തുക്കളുടെ സാന്നിദ്ധ്യവും പഠന വിധേയമാക്കിവരുന്നു.

(ഡി) ഇത്തരം ഭക്ഷ്യവസ്തുക്കൾ നിയന്ത്രിക്കാനും നിരോധിക്കാനും സത്വര നടപടി സ്വീകരിക്കുന്നതാണ്.

റേഷൻ പഞ്ചസാരയുടെ വില

42 [3330] ശ്രീ. ബിനോയ് വിശ്വം:
„ പി. നാരായണൻ:
„ പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റേഷൻ കടകൾ വഴിയുള്ള പഞ്ചസാര വിതരണം നിലച്ചിട്ടുണ്ടോ; എങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കുമോ; പഞ്ചസാരയുടെ റേഷൻ വില്യും പൊതുമാർക്കറ്റിലെ വിലയും എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

പല സ്ഥലങ്ങളിലും റേഷൻ കടകൾ വഴിയുള്ള പഞ്ചസാര വിതരണം നടക്കുന്നില്ല. റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന പഞ്ചസാരയുടെ വിലയ്ക്ക് പൊതുവിപണിയിൽ പഞ്ചസാര ലഭ്യമാണെന്നാണ് ഇതിനുകാരണം. പഞ്ചസാരയുടെ റേഷൻ വില കിലോഗ്രാമിന് 13.50 രൂപയും പൊതുവിപണിയിലെ ഇപ്പോഴത്തെ വില കിലോഗ്രാമിന് 13.25 മുതൽ 14.50 രൂപ വരെയുമാണ്.

റേഷൻ പഞ്ചസാര വിതരണം

43 [3331] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ പഞ്ചസാര വിതരണം നിലച്ചകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) റേഷൻ പഞ്ചസാര സ്റ്റോക്കെടുക്കുന്നതിന് റേഷൻ വ്യാപാരികൾ വൈമുഖ്യം കാണിക്കുന്നുണ്ടോ;

(ഡി) എങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ഇ) റേഷൻ കടയിലെ പഞ്ചസാരയുടെ വിലയും പൊതുമാർക്കറ്റിലെ വിലയും വ്യക്തമാക്കുമോ;

(എഫ്) പൊതുമാർക്കറ്റിലെ വില കുറയാൻ ഇടയായത് കാരണമാണോ ഈ പ്രതിസന്ധി ഉണ്ടായത് എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly